I/163343/2023

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – **695003**
ഫോൺ : **0471-2727255, 2314526**
ഇ-മെയിൽ : **vig.pdlsgd@kerala.gov.in**
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

**LSGD/PD/2130/2023-VIGA2** തീയതി: **28-12-2023**

## കുറ്റാരോപണ മെമ്മോ

താങ്കൾ, ശ്രീ. കണ്ണൂരാൻ എ.ബി, തിരുവനന്തപുരം നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ **15/05/2020** മുതൽ **12/06/2020** വരെ ആർജ്ജിതാവധിയിൽ ആയിരുന്നെങ്കിലും അവധി കഴിഞ്ഞ് നാളിതുവരെ ജോലിക്ക് ഹാജരായിട്ടില്ലാത്തതാണെന്നും താങ്കൾ അവധി അപേക്ഷ നൽകാതെ അനധികൃതമായി ഓഫീസിൽ ഹാജരാകുന്നില്ലായെന്നും ആയതിനാൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നത് താങ്കളുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയും അച്ചടക്കലംഘനവുമായി കണ്ട് കഠിന ശിക്ഷക്ക് താങ്കൾ അർഹനാണെന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ജോലിയിൽ പ്രവേശിക്കാതെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ നിന്ന് വിട്ടു നിന്ന് കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ അനുബന്ധ കുറ്റാരോപണ പത്രികയിൽ വിവരിക്കും പ്രകാരമുള്ള ഗുരുതരമായ കൃത്യവിലോപം, അച്ചടക്ക ലംഘനം, ചട്ടലംഘനം, സർവീസ് ചട്ടങ്ങളോടുള്ള അനാദരവ് എന്നീ കുറ്റങ്ങൾക്ക് താങ്കൾ ഉത്തരവാദിയാകയാൽ താങ്കൾ ക്കെതിരായി **1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ, ചട്ടം 15 പ്രകാരമുള്ള** ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈ മെമ്മോ കൈപ്പറ്റി പതിനഞ്ചു ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള എതിർവാദ പത്രികയൊന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ എതിർവാദമൊന്നും ഇല്ലായെന്ന അനുമാനത്തിൽ അച്ചടക്ക നടപടികൾ തുടരുന്നതാണ്.

I/163343/2023

പരാമർശ വിഷയവുമായി ബന്ധപ്പെട്ട തിരുവനന്തപുരം നഗരസഭയിലെ രേഖകൾ എതിർവാദ പത്രിക സമർപ്പിക്കുന്നതിന് നിശ്ചയിക്കുന്ന തീയതിക്ക് മുമ്പായി താങ്കളുടെ മുൻകൂട്ടിയുള്ള അപേക്ഷ പ്രകാരം നിശ്ചയിക്കുന്ന തീയതിയിൽ ഇപ്പോഴത്തെ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കാവുന്നതാണ്. നേരിൽ കാര്യം ബോധിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യവും അറിയിക്കേണ്ടതാണ്.

കുറ്റാരോപണങ്ങളുടെ വിശദമായ ഒരു പത്രിക അനുബന്ധമായി ചേർക്കുന്നു.

**M.G. RAJAMANICKAM IAS**
**PRINCIPAL DIRECTOR**

**ശ്രീ. കണ്ണൂരാൻ എ.ബി**
**ക്ലാർക്ക്, തിരുവനന്തപുരം നഗരസഭ**
**(തിരുവനന്തപുരം നഗരസഭ സെക്രട്ടറി മുഖേന)**

പകർപ്പ്

1. **സെക്രട്ടറി, തിരുവനന്തപുരം നഗരസഭ (കുറ്റാരോപണ മെമ്മോയുടെ 3 പകർപ്പുകൾ ഇതോടൊപ്പം അയയ്ക്കുന്നു. മെമ്മോ ശ്രീ.കണ്ണൂരാൻ.എ.ബി ക്ക് നൽകി പകർപ്പിൽ ടിയാളുടെ ഒപ്പും പേരും തീയതിയും രേഖപ്പെടുത്തി കൈപ്പറ്റ് പകർപ്പ് സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി)**
2. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
3. **കരുതൽ/അധികം**

Signed by
M.g. rajamanickam Ias
Date: 28-12-2023 21:19:37

I/163342/2023

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

**LSGD/PD/2130/2023-VIGA2** തീയതി: **28-12-2023**

## കുറ്റാരോപണ പത്രിക

**തിരുവനന്തപുരം നഗരസഭയിലെ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കണ്ണൂരാൻ എ.ബി. എന്ന താങ്കൾക്ക് എതിരെയുള്ള കുറ്റാരോപണങ്ങൾ.**

**1.** തിരുവനന്തപുരം നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന താങ്കൾ **15/05/2020** മുതൽ **12/06/2020** വരെ ആർജ്ജിതാവധിയിൽ ആയിരുന്നെങ്കിലും അവധി കഴിഞ്ഞ് താങ്കൾ ജോലിക്ക് ഹാജരായിട്ടില്ലാത്തതാണ്. താങ്കളുടെ ഭാഗത്ത് നിന്നുണ്ടായ മേൽ പ്രവൃത്തി കൃത്യവിലോപവും അച്ചടക്കലംഘനവുമായി കണ്ട് താങ്കൾക്ക് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി **22/06/2020** തീയതിയിലെ **GA7/36168/2020** നമ്പർ പ്രകാരം മെമ്മോ നൽകുകയുണ്ടായി. പ്രസ്തുത മെമ്മോക്ക് താങ്കൾ മറുപടി ലഭ്യമാക്കാത്തതിനും **15/05/2020** മുതൽ **12/06/2020** വരെ ആർജ്ജിതാവധിയിൽ ആയിരുന്ന താങ്കൾ അവധി കഴിഞ്ഞ് നാളിതുവരെ ജോലിക്ക് ഹാജരായിട്ടില്ലാത്തതിനും താങ്കൾക്കെതിരെ **2011** ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ **24/11/2020** തീയതിയിലെ **GA7/36168/2020** നമ്പർ പ്രകാരം ചാർജ് മെമ്മോ നൽകുകയുണ്ടായി. പ്രസ്തുത ചാർജ്ജ് മെമ്മോയ്ക്ക് താങ്കൾ **20/01/21-ൽ** മറുപടി നൽകിയിട്ടുണ്ടെങ്കിലും തുടർന്നും ഓഫീസിൽ ഹാജരായിട്ടില്ലാത്തതാണെന്നും താങ്കൾക്ക് എതിരെയുള്ള അച്ചടക്കനടപടികളുടെ ഭാഗമായി താങ്കളെ നേരിൽ കേൾക്കുന്നതിന് നഗരസഭയിൽ നിന്ന് അറിയിച്ചെങ്കിലും താങ്കൾ ഹാജരായില്ലായെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി **21/03/2022** തീയതിയിലെ **GA7/35110/2020** നമ്പർ കത്ത്, തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ **17/10/2023** തീയതിയിലെ **GA7/35110/2020**

നമ്പർ കത്ത് എന്നിവ പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. താങ്കൾ, തിരുവനന്തപുരം നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കവെ, സ്ഥാപന മേധാവി മുൻപാകെ അവധി അപേക്ഷ നൽകി മുൻകൂട്ടിയുള്ള അവധി അനുമതി ഉത്തരവ് വാങ്ങാതെ അനധികൃതഹാജരില്ലായ്മയിൽ തുടരുന്നത് താങ്കളുടെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ ചട്ട ലംഘനവും, അച്ചടക്ക ലംഘനവും, കൃത്യവിലോപവുമാണ്.

**2.** കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം **65** ൽ അവധി, ഒരവകാശമായി അവകാശപ്പെടാവുന്നതല്ലായെന്നിരിക്കെ താങ്കൾ സ്ഥാപന മേധാവിയിൽ നിന്നും മുൻകൂട്ടിയുള്ള അവധി അനുമതി ഉത്തരവ് നേടാതെ, അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചത് ചട്ടലംഘനവും, സർവ്വീസ് ചട്ടങ്ങളൊടുള്ള അനാദരവിനും തെളിവായി വിലയിരുത്തുന്നു.

**3.** മുൻകൂർ അവധി അപേക്ഷ നൽകാതെ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ച താങ്കളുടെ പ്രവൃത്തി മൂലം സേവനങ്ങൾക്കായി ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്ക് ധാരാളം ബുദ്ധിമുട്ട് ഉണ്ടാകുകയും നഗരസഭയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായും കാണുന്നു.

ഇപ്രകാരം നഗരസഭ സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങാതെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ നിന്ന് വിട്ടുനിന്ന് കേരള സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ ഗുരുതരമായ വീഴ്ച്ചയ്ക്കും, അച്ചടക്ക ലംഘനത്തിനും, കൃത്യവിലോപത്തിനും, ചട്ട ലംഘനത്തിനും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്നു കണ്ട് താങ്കൾക്ക് ഈ കുറ്റപത്രം നൽകുന്നു.

**M.G. RAJAMANICKAM IAS**

**PRINCIPAL DIRECTOR**

<u>**കുറ്റാരോപണ പത്രികയ്ക്കാധാരമായ രേഖ**</u>

**1.**തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ **21/03/2022** തീയതിയിലെ **GA7/35110/2020** നമ്പർ റിപ്പോർട്ടും അനുബന്ധരേഖകളും

**2.**തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ **17/10/2023** തീയതിയിലെ **GA7/35110/2020** റിപ്പോർട്ടും അനുബന്ധരേഖകളും

Signed by
M.g. rajamanickam Ias
Date: 28-12-2023 21:18:51